# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6892 — 13.07.2012-ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) 2011-ൽ നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ; | എ) രാഷ്ട്രപതിയുടെ അനുമതിക്കായി കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് അയച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. |
| ബി) രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ച ബില്ലിന്മേൽ കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ ഉണ്ടായോ ; ഇത് നിയമാനുസൃതമായിട്ടുള്ളതാണോ ; | ബി) പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കൊക്കകോള കമ്പനിക്കുവേണ്ടി സീനിയർ അഭിഭാഷകൻ ശ്രീ. ഫാലി എസ്. നരിമാൻ നല്കിയ നിയമോപദേശത്തിൻമേൽ കേരള സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. കൂടാതെ പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അനുമതി നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്ര കൃഷി, നിയമം, വനം-പരിസ്ഥിതി, ജലവിഭവം എന്നീ മന്ത്രാലയങ്ങൾ സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരായുകയുമുണ്ടായി. പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കൃഷി. നിയമം, വനം-പരിസ്ഥിതി, ജലവിഭവം എന്നീ കേന്ദ്ര മന്ത്രാലയങ്ങളുടെ അഭിപ്രായത്തിന്മേൽ കേരള സർക്കാരിന്റെ അഭിപ്രായം / സ്പഷ്ടീകരണം ആരാഞ്ഞത് രാഷ്ട്രപതിയുടെ അനുമതിക്കായി അയയ്ക്കുന്ന ബില്ലുകളിന്മേലുള്ള നടപടിക്രമത്തിന്റെ ഭാഗമായാണ്. |

(....2)

| | |
|---|---|
| സി) ഇതിന്മേൽ സംസ്ഥാന സർക്കാർ എടുത്ത നിലപാട് അറിയിക്കാമോ ; അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനയച്ച വിശദീകരണത്തിന്റെ പകർപ്പും മേശപ്പുറത്ത് വയ്ക്കാമോ ? | സി) സംസ്ഥാന സർക്കാരിന്റെ അഭിപ്രായം, 17.11.2011-ാം തീയതിയിലെ 14227/ ലെഗ്.എഫ്.2/2011/നിയമം നമ്പർ കത്ത്, 03.07.2012-ാം തീയതിയിലെ 10388/ ലെഗ്.എഫ്.2/2012/നിയമം നമ്പർ കത്ത് എന്നിവ പ്രകാരം ഗവർണ്ണർ സെക്രട്ടേറിയേറ്റ് വഴി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുള്ളതാണ്.<br>അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റേയും സംസ്ഥാന സർക്കാർ 17.11.2011-ലും 03.07.2012-ലും കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനയച്ച വിശദീകരണത്തിന്റേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**